മേല്പറഞ്ഞവയിലേക്കല്ലാതെ മറ്റ് ഇതര ചെലവുകളിലേയ്ക്ക് റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും ഇക ചെലവഴിക്കുമ്പോൾ സർക്കാരിന്റെ പ്രത്യേക അനുമതി ആവശ്യമാണ്.

(സി) പ്രസ്തുത ഫണ്ടിന്റെ ശേഷിക്കുന്ന ഇക സംബന്ധിച്ച വിവരങ്ങൾ അനുബന്ധം A*-യിൽ ചേർത്തിരിക്കുന്നു.

(ഡി) നദീതീരസംരക്ഷണത്തിന് പ്രസ്തുത ഫണ്ട് വിനിയോഗിക്കുന്നുണ്ട്. ഇക വിനിയോഗിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം A-യിൽ ചേർത്തിരിക്കുന്നു.*

(ഇ) സ്റ്റേറ്റ് ഹൈലെവൽ കമ്മിറ്റിയുടെ അനൗദ്യോഗിക അംഗങ്ങൾക്കുള്ള ടി.എ./ഡി.എ., സിറ്റിംഗ് ഫീസ് എന്നിവ റിവർ മാനേജ്മെന്റ് ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്.

പട്ടയം നൽകുന്നതിനുള്ള നടപടികൾ

160 (1238) ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അർഹരായവർക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ;

(ബി) കനാൽ പുറമ്പോക്കിൽ താമസിക്കുന്നവർക്ക് പട്ടയം നൽകുന്നതിന് നിയമതടസ്സങ്ങൾ നിലവിലുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ;

(സി) പത്തനാപുരം നിയോജക മണ്ഡലത്തിൽ പട്ടയം നൽകുന്നതു സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരവും വിവിധ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും അർഹരായ ഗുണഭോക്താക്കൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. പഞ്ചായത്ത് പ്രദേശങ്ങളിൽ 1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 1995-ലെ മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിലെ ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരവും

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

പതിച്ചുനൽകിവരുന്നു. കൂടാതെ 1-1-1977-ന് മുമ്പ് വനഭൂമിയിൽ കുടിയേറി കൃഷി ചെയ്തുവന്നിരുന്ന റവന്യൂ-വനം വകുപ്പിന്റെ സംയുക്ത പരിശോധനാ ലിസ്റ്റിൽ ഉൾപ്പെട്ട അപേക്ഷകർക്ക് 1993-ലെ വനഭൂമി കുടിയേറ്റം ക്രമീകരിക്കൽ പ്രത്യേക ചട്ടങ്ങൾ പ്രകാരം കൈവശ ഭൂമിയ്ക്ക് പട്ടയം നൽകിവരുന്നു.

(ബി) 1964-ലെ കേരള ഭൂമി പതിവ് ചട്ടം 11(2) (i), (ii), കേരള ഭൂസംരക്ഷണ നിയമം വകുപ്പ് (3) എന്നിവ പ്രകാരം കനാൽ പുറമ്പോക്ക് പതിച്ചുനൽകുന്നതിന് തടസ്സങ്ങളുണ്ട്.

(സി) പത്തനാപുരം നിയോജക മണ്ഡലം ഉൾപ്പെടുന്ന പത്തനാപുരം താലൂക്കിലെ തരിശ്ശ് പുറമ്പോക്ക് സ്ഥലങ്ങളും കെ.ഐ.പി. അധീനതയിലുള്ള സ്ഥലങ്ങൾ കെ.ഐ.പി.-യുടെ അനുമതിയോടുകൂടിയും പട്ടയവിതരണത്തിന് യോഗ്യമായവ കണ്ടെത്തി മേൽനടപടികൾ സ്വീകരിച്ചുവരുന്നതാണ്. 1-1-1977-നും അതിനുമുമ്പും പ്രൊപ്പോസൽ നൽകിയിട്ടുള്ള വനഭൂമിയ്ക്ക് കൈവശരേഖ കൊടുത്തിട്ടുള്ളതും ആയവർക്ക് പട്ടയം നൽകുന്നതിന് കേന്ദ്ര വനംവകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

പ്രകൃതിക്ഷോഭ ദുരിതാശ്വാസം

161 (1239) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആലപ്പുഴ ജില്ലയിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിൽ ഉൾപ്പെടുത്തി എത്ര പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്; ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ ഏതൊക്കെ പൂർത്തീകരിച്ചു എന്ന് വിശദമാക്കാമോ;

(സി) പൂർത്തിയാകാത്ത പ്രവൃത്തികൾ പൂർത്തീകരിക്കപ്പെടാതിരുന്നതിനുള്ള കാരണം വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ആകെ 1012 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി. ലിസ്റ്റ് അനുബന്ധം-I ആയി ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly